# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) രാജ്യം ഇന്ന് നാവികസേനാ ദിനം ആഘോഷിക്കുന്നു; രാഷ്ട്രപതി ദ്രൗപദി മുർമു ഒഡീഷയിലെ പുരിയിൽ നടക്കുന്ന ദിനാചരണ പരിപാടിയെ അഭിസംബോധന ചെയ്യും.

   **The country celebrates Navy Day today; President Droupadi Murmu will address the Navy Day celebrations in Puri, Odisha.**

2) ബാങ്കിംഗ് നിയമ ഭേദഗതി ബിൽ പാസാക്കി ലോക്സഭ; ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാൻ ഭേദഗതി വഴിയൊരുക്കുമെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ.

   **Lok Sabha passes Banking Laws (Amendment) Bill; Union Finance Minister Nirmala Sitharaman Says Amendment Will Enable Better Services for Consumers.**

3) മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ നാളെ; നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം ഇന്ന് മുംബൈയിൽ.

   **Maharashtra CM's Oath Tomorrow; Meeting to Elect Legislature Party Leader to be held in Mumbai Today.**

4) കേരളത്തിൽ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച യു.ആർ. പ്രദീപ്, രാഹുൽ മാങ്കൂട്ടത്തിൽ എന്നിവരുടെ സത്യപ്രതിജ്ഞ ഇന്ന്.

   **U.R. Pradeep and Rahul Mankoottathil, winners of the Kerala By-Elections, to Take Oath Today.**

5) പ്രഖ്യാപിച്ച് മണിക്കൂറുകൾക്കകം അടിയന്തര സൈനിക നിയമം പിൻവലിച്ച് ദക്ഷിണ കൊറിയ.

   **South Korea Lifts Emergency Martial Law Hours After Announcement.**

6) ഹോക്കി ജൂനിയർ ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

India to Face Pakistan in Hockey Junior Asia Cup Final Today.

&&&&&&&&&&&&&&&&&&

## BHUBANESHWAR – PREZ VISIT

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഒഡീഷയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാവിലെ പുരിയിലെ ശ്രീ ജഗന്നാഥ ക്ഷേത്രത്തിൽ ദർശനം നടത്തും. തുടർന്ന് പുരിയിലെ ഗോപബന്ധു ആയുർവേദ മഹാവിദ്യാലയത്തിൻ്റെ 75-ാം വാർഷികാഘോഷത്തിൽ രാഷ്ട്രപതി പങ്കെടുക്കും. ഉച്ചയ്ക്ക് പുരിയിലെ ബ്ലൂ ഫ്ലാഗ് ബീച്ചിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠിയുടെ നേതൃത്വത്തിൽ നടക്കുന്ന നാവികസേന ദിനാചരണ പരിപാടിയിൽ ശ്രീമതി മുർമു മുഖ്യാതിഥിയാകും.

&&&&&&&&&&&&&&&&&&

## NAVY DAY

രാജ്യം ഇന്ന് നാവിക സേന ദിനം ആഘോഷിക്കുന്നു. ഇന്ത്യൻ നാവിക സേനയുടെ മികച്ച നേട്ടങ്ങൾ അനുസ്മരിക്കുന്നതിനാണ് എല്ലാ വർഷവും ഡിസംബർ 4 നാവിക സേന ദിനമായി ആഘോഷിക്കുന്നത്. 1971 ൽ ഇതേ ദിവസമാണ് ഓപ്പറേഷൻ ട്രൈഡന്റിലൂടെ PNS ഖൈബർ ഉൾപ്പെടെ 4 കപ്പലുകൾ സേന ആക്രമിച്ചത്.

&&&&&&&&&&&&&&&&&&

## PAR-OPPOSITION WALK OUT

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നലെയും നടപടിക്രമങ്ങൾ തടസ്സപ്പെട്ടു. കോൺഗ്രസ്, സമാജ് വാദി പാർട്ടി, ഡി എം കെ പാർട്ടികളിലെ

അംഗങ്ങളാണ് സഭയിൽ പ്രതിഷേധിച്ചത്. യുപിയിലെ സംഭാൽ അക്രമവും അദാനി ഗ്രൂപ്പിനെതിരെയുള്ള കൈക്കൂലി

ആരോപണവും ഉൾപ്പെടെ ഉന്നയിച്ചായിരുന്നു പ്രതിഷേധം.

&&&&&&&&&&&&&&&&&&

## PARL- BLOCKADE

അംഗങ്ങളുടെ പ്രതിഷേധ പ്രകടനങ്ങൾ പാർലമെന്റ് മന്ദിരത്തിന് മുന്നിലുള്ള ഗേറ്റുകളിൽ നടത്തണമെന്ന് അഭ്യർത്ഥിച്ച് ലോക്സഭ സെക്രട്ടേറിയേറ്റ്. പ്രതിഷേധം നടക്കുമ്പോൾ ചേമ്പറുകളിൽ എത്താൻ എം പി മാർക്ക് തടസമുണ്ടാകുന്നതിന്റെ പശ്ചാത്തലത്തിലാണ് നിർദേശം. പാർലമെന്റ് അംഗങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇത്തരം തടസ്സങ്ങൾ ഒഴിവാക്കേണ്ടതാണെന്ന് ലോക്സഭ സെക്രട്ടേറിയേറ്റ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## LS - BANKING LAW (INTRO)

ബാങ്കിംഗ് നിയമ ഭേദഗതി ബിൽ 2024 പാസാക്കി ലോക് സഭ. ബാങ്കിങ് മേഖലയിലെ ഭരണനിർവഹണം കാര്യക്ഷമമാക്കാനും, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാനും ഭേദഗതി വഴിയൊരുക്കുമെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ ബില്ലിൻറെ ചർച്ചക്ക് മറുപടി നൽകി.

( വോയിസ്......)

ബാങ്ക് അക്കൗണ്ടുകളിൽ നോമിനികളുടെ എണ്ണം ഒന്നിൽ നിന്ന് നാലായി ഉയർത്തുന്നതും, ഓഡിറ്റർമാരുടെ പ്രതിഫലം നിശ്ചയിക്കാൻ ബാങ്കുകൾക്ക് അധികാരം നല്കുന്നതുമുൾപ്പെടെയുള്ള മാറ്റങ്ങൾ ബിൽ വിഭാവനം ചെയ്യുന്നു.

&&&&&&&&&&&&&&&&&&

## LS-JAISHANKAR

ഉഭയകക്ഷി ചർച്ചകളിലൂടെ ഇന്ത്യ - ചൈന അതിർത്തിയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. അടുത്തിടെ നടന്ന ചില സംഭവവികാസങ്ങൾ ഇന്ത്യ-ചൈന ബന്ധത്തെ പുരോഗതിയിലേക്ക് നയിക്കാൻ സഹായിക്കുന്നതാണെന്നും

അദ്ദേഹം ലോക് സഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&

## MAHA - BJP MEETING

മഹാരാഷ്ട്രയിൽ നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബിജെപി എംഎൽഎമാർ ഇന്ന് മുംബൈയിൽ യോഗം ചേരും. പാർട്ടി നേതാവും കേന്ദ്ര ധനമന്ത്രിയുമായ നിർമല സീതാരാമൻ, ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണി എന്നിവരെ നിരീക്ഷകരായി പാർട്ടി നിയോഗിച്ചിരുന്നു. ബിജെപിയുടെ മുതിർന്ന നേതാവും മുൻ മുഖ്യമന്ത്രിയുമായ ദേവേന്ദ്ര ഫഡ്നാവിസിനെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് പരിഗണിക്കുമെന്നാണ് വിവരം. നാളെ വൈകുന്നേരം 5 മണിക്ക് ദക്ഷിണ മുംബൈയിലെ ആസാദ് മൈതാനിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാന്നിധ്യത്തിൽ പുതിയ മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്യും.

&&&&&&&&&&&&&&&&&&

## CONG-EC

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികളിൽ, പാർട്ടി നേതാവ് അഭിഷേക് മനു സിംഗ്വിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പ്രതിനിധി സംഘം ഇന്നലെ തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിക്കാഴ്ച നടത്തി. ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പുകൾക്കിടയിലെ അഞ്ചുമാസ

കാലയളവിൽ വോട്ടർപട്ടികയിലെ വോട്ടർമാരെ ഒഴിവാക്കിയതും കൂട്ടിച്ചേർത്തതും സംബന്ധിച്ച വിഷയം പ്രതിനിധിസംഘം ഉന്നയിച്ചു. കമ്മീഷനിൽ നിന്ന് ബൂത്തുകളുടെയും മണ്ഡലങ്ങളുടെയും അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കൂടിക്കാഴ്ചക്ക് ശേഷം ശ്രീ സിംഗ്വി മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## ISRO – PSLV C59 LAUNCH

യൂറോപ്യൻ സ്പേസ് ഏജൻസിയുടെ പ്രോബ 3 ദൗത്യം, ISRO ഇന്ന് വിക്ഷേപിക്കും. പി എസ് എൽ വി C-59 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം; ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വൈകിട്ട് 4.08 ന് റോക്കറ്റ് കുതിച്ചുയരും. ഭ്രമണപഥത്തിലെത്തി രണ്ടായി വേർപെടുന്ന പ്രോബ ദൗത്യ ഉപഗ്രഹങ്ങൾ, സൂര്യന്റെ ബാഹ്യ പാളിയായ കൊറോണ, ബഹിരാകാശ കാലാവസ്ഥ, സൗരവാതം തുടങ്ങിയവ നിരീക്ഷിക്കും.

&&&&&&&&&&&&&&&&&&

## OATH CEREMONY

കേരളത്തിൽ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ ചേലക്കര മണ്ഡലത്തിൽ നിന്നും വിജയിച്ച യു.ആർ. പ്രദീപ്, പാലക്കാട് നിന്നും വിജയിച്ച രാഹുൽ മാങ്കൂട്ടത്തിൽ എന്നിവരുടെ സത്യപ്രതിജ്ഞ ഇന്ന്. ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് ചടങ്ങ്.

&&&&&&&&&&&&&&&&&&

## KOLLAM – ACCIDENT

കൊല്ലം ആര്യങ്കാവിൽ ശബരിമല തീർത്ഥാടകർ സഞ്ചരിച്ച ബസ് ലോറിയുമായി കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. മുപ്പതോളം പേർക്ക് പരിക്കേറ്റു. തമിഴ്നാട് സേലം സ്വദേശി ധനപാലനാണ് മരിച്ചത്.

&&&&&&&&&&&&&&&&&&

## SOUTH KOREA – MARTIAL LAW

ദക്ഷിണ കൊറിയയിൽ ഏർപ്പെടുത്തിയ അടിയന്തര സൈനിക നിയമം പിൻവലിച്ച് പ്രസിഡന്റ് യൂൻ സുക് യോൾ. പ്രഖ്യാപനത്തിന് ഏകദേശം ആറ് മണിക്കൂറിന് ശേഷം പട്ടാള നിയമം അവസാനിപ്പിക്കാനുള്ള പ്രമേയത്തിന് മന്ത്രിസഭ അംഗീകാരം നൽകി. പ്രതിപക്ഷമായ ഡെമോക്രാറ്റിക് പാർട്ടിയുടെ നേതാവ് പാർക്ക് ചാൻ-ഡേ, ദക്ഷിണ കൊറിയൻ പ്രെസിഡന്റിനെതിരേ രാജ്യദ്രോഹക്കുറ്റം ആരോപിക്കുകയും സ്ഥാനമൊഴിയാൻ ആവശ്യപ്പെടുകയും ചെയ്തു. ഉത്തര കൊറിയൻ കമ്മ്യൂണിസ്റ്റ് ശക്തികളിൽ നിന്ന് രാജ്യത്തെ സംരക്ഷിക്കുന്നതിനും ഭരണകൂട വിരുദ്ധ ഘടകങ്ങളെ ഇല്ലാതാക്കുന്നതിനുമായാണ് സൈനിക നിയമം ഏർപ്പെടുത്തുന്നതെന്ന് പ്രസിഡന്റ് യൂൺ

പ്രഖ്യാപനവേളയിൽ പ്രസ്താവിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## BANGLADESH HIGH COMMISSIONER ( INTRO)

ബംഗ്ലാദേശുമായി സുസ്ഥിരവും ക്രിയാത്മകവുമായ ബന്ധമാണ് ആഗ്രഹിക്കുന്നതെന്ന് ഇന്ത്യ. സമാധാനം നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ ഇരുരാജ്യങ്ങളും തുടരുമെന്ന് ബംഗ്ലാദേശിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ പ്രണയ് വെർമ വ്യക്തമാക്കി. **(voice…)**

&&&&&&&&&&&&&&&&&&

## UK – BANGLADESH TRAVEL ADVISORY

ബംഗ്ലാദേശിലേക്കുള്ള യാത്രയ്ക്ക് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് യു.കെ. വിദേശ പൗരൻമാർ സന്ദർശിക്കാൻ സാധ്യതയുള്ള ബംഗ്ലാദേശിലെ സ്ഥലങ്ങൾ, ആൾക്കൂട്ടമുള്ള പ്രദേശങ്ങൾ,

മതപരമായ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഭീകരാക്രമണ സാധ്യത കണക്കിലെടുത്താണ് മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതെന്ന് യു കെ വിദേശകാര്യ - കോമൺവെൽത്ത് വികസന ഓഫീസ് മുന്നറിയിപ്പ് നൽകി. ബംഗ്ലാദേശിൽ മത ന്യൂനപക്ഷങ്ങൾ ഉൾപ്പടെ സമീപകാലത്ത് അക്രമങ്ങൾ നേരിടുന്നതായി മാർഗ നിർദേശത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&

## HOCKEY - JUNIOR ASIA CUP

മസ്കറ്റിൽ നടക്കുന്ന ഹോക്കി ജൂനിയർ ഏഷ്യാ കപ്പിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. ഇന്നലെ രാത്രി രണ്ടാം സെമിഫൈനലിൽ മലേഷ്യയെ 3-1 നാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന ഫൈനലിൽ ഇന്ത്യ പാകിസ്ഥാനെ നേരിടും. ആദ്യ സെമിയിൽ 4-2 ന് ജപ്പാനെ പരാജയപ്പെടുത്തിയാണ് പാകിസ്ഥാൻ ഫൈനൽ ഉറപ്പിച്ചത്.

&&&&&&&&&&&&&&&&&&

## WORLD CHESS CHAMPIONSHIP

ലോക ചെസ് ചാമ്പ്യൻഷിപ്പിൽ, ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ഡി ഗുകേഷും നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിംഗ് ലിറനും എട്ടാം ഗെയിമിൽ ഇന്ന് ഉച്ചയ്ക്കുശേഷം സിംഗപ്പൂരിൽ ഏറ്റുമുട്ടും. ഇന്നലെ, ഏഴാം ഗെയിം 72 നീക്കങ്ങൾക്ക് ശേഷം സമനിലയിൽ അവസാനിച്ചു. ഗുകേഷിന് വ്യക്തമായ മുൻതൂക്കം ലഭിച്ചെങ്കിലും വിജയം നേടാൻ കഴിഞ്ഞില്ല.

&&&&&&&&&&&&&&&&&&

## U-19 ASIA CUP CRICKET

അണ്ടർ - 19 ഏഷ്യ കപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ ഇന്ത്യ ഇന്ന് യു എ ഇയെ നേരിടും. ഷാർജ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാവിലെ 10.30

നാണ് ഗ്രൂപ്പ് A യിലെ മത്സരം. ഇന്നത്തെ മത്സരം വിജയിച്ചാൽ ഇന്ത്യ സെമിയിൽ കടക്കും. മറ്റൊരു മത്സരത്തിൽ പാകിസ്ഥാൻ ജപ്പാനെ നേരിടും.

&&&&&&&&&&&&&&&&&&

## JK- TERRORIST KILLED

ജമ്മു കശ്മീരിലെ ദാച്ചി ഗാം വന മേഖലയിലുണ്ടായ ഏറ്റുമുട്ടലിൽ സൈന്യം ഒരു ഭീകരനെ വധിച്ചു. കൊടും കുറ്റവാളിയായ ജുനൈദ് അഹമ്മദ് ഭട്ടാണ് കൊല്ലപ്പെട്ടത്. ഒക്ടോബർ 20 ന് സോനമാർഗിൽ നിർമാണത്തിലിരുന്ന തുരങ്കം ആക്രമിച്ച സംഭവത്തിൽ ഇയാൾക്ക് പങ്കുണ്ടെന്ന് പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&